പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4507 | 17.12. 2014 ൽ മറുപടിക്ക്.

## കടകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ തൊഴിൽ പരിരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.സത്യൻ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ കടകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്തു വരുന്ന വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് തൊഴിൽ വകുപ്പ് കണക്ക് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പിലെ കണക്കു പ്രകാരം സംസ്ഥാനത്ത് കടകളിലും മറ്റ് വാണിജ്യസ്ഥാപനങ്ങളിലുമായി 6,99,393 പേർ ജോലി ചെയ്യുന്നു ണ്ട്. |
| (ബി) തൊഴിൽ നിയമത്തിലെ ഏത് ആക്ട് പ്രകാരമാണ് ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളതെന്നും, ഇവർക്ക് തൊഴിൽ പരിരക്ഷ നൽകുന്നതിനായി എന്തൊക്കെ നിയമങ്ങളാണ ഉള്ളതെന്നും വ്യക്തമാക്കാമോ; | (ബി) 1948-ലെ മിനിമം വേതന നിയമപ്രകാരമാണ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.<br>1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1961-ലെ മെറ്റേർണിറ്റി ബെനഫിറ്റ് ആക്ട്, 1948-ലെ ഈക്വൽ റെമ്മ്യൂണറേഷൻ ആക്ട് എന്നീ നിയമപ്രകാരമുള്ള തൊഴിൽ പരിരക്ഷ ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്. |
| (സി) ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾക്കായി പ്രത്യേകമായി എന്തെങ്കിലും പരിരക്ഷ നൽകുന്നുണ്ടോ; വിശദമാക്കാമോ; | (സി) 29.08.2014-ൽ നിലവിൽവന്ന കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിന്റേയും, നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റേയും ഭാഗമായി സ്ത്രീ |

തൊഴിലാളികൾ ഉൾപ്പെടേയുള്ള ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമവേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള ഭേദഗതി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) തുച്ഛമായ സേവന വേതന വ്യവസ്ഥകൾക്കാണ് ഈ തൊഴിലാളികൾ ജോലി ചെയ്യുന്നതെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23.07.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) 100/ 2009/തൊഴിൽ പ്രകാരം നിശ്ചയിച്ച മിനിമം വേതനമാണ് കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്നത്. നിലവിലുള്ള മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ മിനിമം വേതന ഉപദേശക സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് സമിതി, മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ.